"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന് കെൽട്രോണിൽ നിന്നും ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2152/2023/LSGD തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-

1. ഉദുമ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19/02/2022-ലെ 1/15 നമ്പർ തീരുമാനം.
2. 22/06/2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.28 നമ്പർ തീരുമാനം.
3. കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13/02/2023-ലെ കത്ത്.
4. 26/09/2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 2.7 (4.28) നമ്പർ തീരുമാനം.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്ത് ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കുന്നതിന് 2022-23 വർഷം 6,82,500/- രൂപ (ആറുലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) (വികസനഫണ്ട് ജനറൽ) വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. 2021-22 വർഷം മുച്ചക്ര വാഹനം നല്കാനായി 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും 6 പേർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കുകയും ചെയ്തിരുന്നു. മാർഗ്ഗരേഖ പ്രകാരം ഈ പ്രോജക്ട് നടപ്പാക്കാവുന്നത് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. എന്നാൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തോ കാസർഗോഡ് ജില്ലാ പഞ്ചായത്തോ 2022-23-ൽ ഇതിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് കെൽട്രോണിൽ നിന്ന് ഇൻവോയ്സ് വാങ്ങി പർച്ചേസ് ഓർഡർ നല്കിയ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നല്കണമെന്ന് ഉദുമ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി മുമ്പാകെ ഉചിതമാർഗ്ഗേന അപേക്ഷിക്കുകയുണ്ടായി.

2. പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം പരിശോധിച്ച് ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്നു വാങ്ങാൻ പർച്ചേയ്സ് ഓർഡർ നല്കിയത് വീഴ്ചയാണെന്നും,സാമൂഹ്യനീതി വകുപ്പിൽ ഇത്തരം ഉപകരണങ്ങൾ പർച്ചേയ്സ് കമ്മിറ്റി മുഖേനയാണ് വാങ്ങുന്നതെന്നും യോഗം നിരീക്ഷിച്ചു. ആയതിനാൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നല്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതിനും തീരുമാനമെടുത്തിരുന്നു. മേൽ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 01/11/2017-ലെ സ.ഉ(സാധാ)നം. 3521/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെൽട്രോണിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ടെന്നും ഇതിന്റെയടിസ്ഥാനത്തിലാണ് ഉദുമ ഗ്രാമപഞ്ചായത്ത് കെൽട്രോണിൽ നിന്നും സ്കൂട്ടർ വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരാമർശം (6) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ വീണ്ടും വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന് ഭിന്നശേഷി വിഭാഗക്കാർക്ക് മുച്ചക്ര വാഹനം വാങ്ങി നല്കുന്ന മേൽ പദ്ധതി നടപ്പാക്കാൻ

അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല.
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ് ജില്ല.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (E2508437)

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 02-11-2023 14:55:28
സെക്ഷൻ ഓഫീസർ